# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 632** **31.10.2011 - ൽ മറുപടിക്ക്**

## ഹാൻടെക്സ്/ഹാൻവീവ് വൈവിദ്ധ്യവത്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ. പി.ഉബൈദുള്ള | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹാൻടെക്സ്/ഹാൻവീവ് ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണനം എന്നിവ കാര്യക്ഷമമാക്കി സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനം ഉദ്ദേശിച്ചു നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) ഹാൻടെക്സ്, ഹാൻവീവ് ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണനം എന്നിവ കാര്യക്ഷമമാക്കി ലാഭകരമായ പ്രവർത്തനം ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (ബി) ഇതിനായി ഏറ്റെടുത്തിട്ടുള്ള ഗവേഷണ പരിപാടികളുടെ വിശദവിവരം നൽകാമോ; | (ബി) ഹാൻടെക്സും, ഹാൻവീവും കൈത്തറി ഡയറക്ടറേറ്റും കേന്ദ്ര സർക്കാർ സ്ഥാപനമായ സേലത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി മുഖേന ഉണക്ക് പാവ് ഉണ്ടാക്കുന്ന ഒരു യന്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുപയോഗിച്ച് മേൻമയേറിയ മുണ്ടുകളും സാരികളും ഉൽപാദിപ്പിക്കാൻ സാധിക്കും. കണ്ണൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയുടെ സഹായത്തോടെ ആകർഷകങ്ങളായ ഡിസൈനുകൾ വികസിപ്പിച്ചെടുത്ത് വരുന്നു. പല ഡിസൈനുകളും ഇതിനകം തന്നെ കൈത്തറി സംഘങ്ങൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. |
| (സി) നാച്ചുറൽ ഡൈ,ആയുർവേദ മരുന്നുകളിൽ നിന്നുല്പാദിപ്പിക്കുന്ന ഡൈ എന്നിവ ഉപയോഗിച്ച് ഇക്കോ ഫ്രന്റ്ലി ആയിട്ടുള്ളതും , മെഡിസിനൽ ഇഫക്ടുള്ളതുമായ വസ്ത്ര നിർമ്മാണത്തെക്കുറിച്ച് ഗവേഷണമെന്തെങ്കിലും നടക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) തിരുവനന്തപുരം ബാലരാമപുരത്ത് കേന്ദ്ര സർക്കാർ സഹായത്തോടെ ഹാന്റ്ലൂം വീവേഴ്സ് ഡവലപ്പ്മെന്റ് സൊസൈറ്റി വഴി നാചറൽ മെഡിസിനൽ ഡൈ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പില്ലോ കവർ. ടൗവ്വൽസ്, ഡ്രെസ് മെറ്റീരിയൽ എന്നിവ ഈ ഡൈ ഉപയോഗിച്ച് ഉത്പാദിപ്പിച്ച് വരുന്നുണ്ട്. ഒരു കോടി രൂപ ഗവൺമെന്റ് ഇതിനായി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇത്തരം ഗ്രീൻഫാബ്രിക്സിന്റെ വൈദ്യശാസ്ത്രപരമായ ഗുണം തെളിയിക്കാനുതകുന്ന പരീക്ഷണ നിരീക്ഷണങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആ വിധത്തിലുള്ള പരീക്ഷണങ്ങളിലൂടെ നമ്മുടെ പരമ്പരാഗത ഉല്പന്നങ്ങൾക്ക് ലോക വിപണിയിൽ പ്രാമുഖ്യം ഉറപ്പിക്കാനുള്ള അവസരത്തിനുവേണ്ടി ശ്രമം നടത്തുമോ? | (ഡി) പരീക്ഷണങ്ങൾ ഒന്നും നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

1) ഹാൻടെക്സ്/ഹാൻവീവ് എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം

ഹാൻടെക്സ്,ഹാൻവീവ് എന്നിവയുടെ മൂലധന അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിന് ഇവയെ അർഹമാക്കുന്നതിനുമായി ഓരോ വർഷവും 3:2 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തം നൽകി വരുന്നു. താഴെ പറയുന്ന പരിപാടികളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

* ഗവേഷണവും വികസനവും.
* ഡിസൈൻ രൂപകൽപ്പന വൈദഗ്ധ്യ വികസന പരിപാടികൾ.
* വിപണന മുദ്ര(ബ്രാന്റ് ഇക്വിറ്റി) വാണിജ്യവത്ക്കരണ ചെലവിന്റെ 50%.
* എൻ.ഐ.എഫ്.റ്റി, എൻ.ഐ.ഡി എന്നിവയുടെ സഹായത്തോടെ ഡിസൈൻ വികസിപ്പിക്കൽ.
* ബാങ്കുകൾ,ധനകാര്യ സ്ഥാപനങ്ങൾ എന്നിവ നൽകുന്ന പ്രവർത്തന മൂലധനത്തിന്റെ 25% വരെ മാർജിൻ മണി നൽകൽ.
* വിപണന ഗവേഷണത്തിന്റെ 50% വഹിക്കുന്നതിന് ഗ്രാന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2)**ഹാൻടെക്സ്, ഹാൻവീവ് എന്നിവയുടെ പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനുമായി പ്രീലൂം, പോസ്റ്റ്ലൂം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപണന സൗകര്യങ്ങൾ ആധുനികവത്ക്കരിക്കുന്നതിനും 300 ലക്ഷം രൂപ ഹാൻടെക്സിനും, 200 ലക്ഷം രൂപ ഹാൻവീവിനും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണനം എന്നിവ കാര്യക്ഷമമാക്കുന്നതിനും ഹാൻടെക്സും ഹാൻവീവും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

## ഹാൻടെക്സ്

1. ഉപഭോക്താവിനെ ആകർഷിക്കുന്നതിന് ഡിസൈനും,പാറ്റേണും വികസിപ്പിച്ചെടുക്കുക.
2. ഹാൻടെക്സിന്റെ കീഴിലുള്ള വീവേഴ്സിന്റേയും ഷോറൂം സ്റ്റാഫിന്റെയും സ്കിൽ വികസിപ്പിച്ചെടുക്കുക.

3. NID,NIFT,വീവേഴ്സ് സർവ്വീസ് സെന്റർ എന്നിവയുടെ സഹായത്തോടെ വസ്ത്രങ്ങളുടെ പുതിയ കളറും, കളർകോമ്പിനേഷനുകളും വികസിപ്പിക്കുക.

4. ഹാൻടെക്സിന്റെ 10 ഷോറൂമുകളും, ഹെഡ് ഓഫീസും നവീകരിക്കുക.

5. ഹാൻടെക്സിന്റെ ഡിപ്പോകൾ, പ്രൊഡക്ഷൻ സെന്ററുകൾ, ഫാക്ടറികൾ, റീജിയണൽ ഓഫീസുകൾ, ഹെഡ് ഓഫീസ് എന്നിവ കമ്പ്യൂട്ടർവത്ക്കരിക്കുക.

മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി ലോണിനുമായി ഹാൻടെക്സ് 750 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്.

കൂടാതെ വിപണി വിപുലീകരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ഹാൻടെക്സ് നടപ്പിലാക്കി വരുന്നു.

1) കൈത്തറി വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിൽ വിവിധ ആഘോഷ വേളകളിൽ സർക്കാർ റിബേറ്റ് പ്രഖ്യാപിക്കാറുണ്ട്.

2) ഹാൻടെക്സിന്റെ ഹെഡാഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ മാർക്കറ്റിംഗ് വിപുലീകരിക്കുന്നതിനായി 12000 സ്ക്വയർ ഫീറ്റിൽ രണ്ട് നിലകൾ കൂടി സുവർണ്ണ ജൂബിലി മെമ്മോറിയലായി പണിയുന്നു.

3) 75 ലക്ഷം രൂപയോളം ചെലവഴിച്ച് തൃശ്ശൂർ സ്വരാജ് റൗണ്ടിൽ ഹാൻടെക്സിന് സ്വന്തമായിട്ടുള്ള ഭൂമിയിൽ ബഹുനില ഷോറൂം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചു.

4) ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിൽ ഹാൻടെക്സിന് സ്വന്തമായ സ്ഥലത്ത് കൈത്തറി പ്രദർശനശാലയും വിൽപന കേന്ദ്രവും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

5) സെക്രട്ടേറിയറ്റിനു സമീപമുള്ള ഹാൻടെക്സ് വക ഭൂമിയിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ബഹുനില വ്യാപാര സമുച്ചയം നിർമ്മിക്കുന്ന **കാര്യം പരിഗണനയിലുണ്ട്** .

6) ആധുനിക ഉപഭോക്താവിനെ ആകർഷിക്കത്തക്ക രൂപത്തിൽ ഹാൻടെക്സിന്റെ പുതിയ ലോഗോ തയ്യാറാക്കി പ്രകാശനം ചെയ്തു.

7) ''ഇഴപിരിയാത്ത ആത്മബന്ധം'' എന്ന പുതിയ സ്ലോഗൺ സ്വീകരിച്ച് പരസ്യപ്രചരണം നടത്തി വരുന്നു.

8) സംസ്ഥാനത്ത് വിവിധ പ്രധാന വ്യാപാര കേന്ദ്രങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ഡിപ്പോകൾ വിപുലീകരിക്കുവാനും നവീകരിക്കുവാനും തീരുമാനിച്ചു.

9) വിൽപ്പന വർദ്ധിപ്പിക്കുവാൻ ജൂബിലി വർഷക്കാലം മുഴുവൻ നീണ്ടുനിൽക്കുന്ന സ്വർണ്ണ സമ്മാന പദ്ധതി നടപ്പിലാക്കി.

10) മേഖലാ ഓഫീസുകൾ, ഷോറൂമുകൾ കേന്ദ്ര ഓഫീസുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർവൽക്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

ഹാൻവീവ്

1) നൂതന ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക.

2) മിഡിൽ ലെവൽ,ടെക്നിക്കൽ & മാനേജ്മെന്റ് സ്റ്റാഫിന് ട്രെയിനിംഗ് നൽകി കമ്പ്യൂട്ടറൈസ്ഡ് ഡിസൈനിങ്ങിൽ പ്രാപ്തരാക്കുക.

3) സെയിൽ സ്റ്റാഫിന് കമ്പ്യൂട്ടർ ട്രെയിനിംഗിലൂടെ കമ്പ്യൂട്ടർ ഉപയോഗിക്കാൻ പ്രാപ്തരാക്കുക.

4) ഹാൻവീവിന്റെ ബ്രാന്റ് ഇക്വിറ്റി വികസിപ്പിക്കുന്നതിന് പ്രിന്റ് മീഡിയയിൽ കൂടിയും ഇലക്ട്രോണിക് മീഡിയയിൽ കൂടിയും പരസ്യം നൽകുക.

5) മാർക്കറ്റിലെ പുതിയ ട്രെന്റ് മനസ്സിലാക്കുന്നതിനു വേണ്ടി സർവ്വേ നടത്തുക.

6) പുതിയ മൂന്ന് ഷോറൂം നവീകരിച്ചു കൊണ്ടിരിക്കുന്നു.

മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും പ്രവർത്തനമൂലധനത്തിന്റെ മാർജിൻ മണിയായി ഹാൻവീവിന് 500 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ പഴയ തുണിത്തരങ്ങൾ വിറ്റഴിക്കാൻ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഹാൻടെക്സിനും ഹാൻവീവിനും രാജ്യത്തിന് അകത്തും പുറത്തും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും സഹായം നൽകി വരുന്നു. ഓരോ പ്രദർശന മേളയ്ക്കും 25000 രൂപാ വീതം നൽകാറുണ്ട്. ഇതനുസരിച്ച് ഓണം, വിഷു, തുടങ്ങിയ വിശേഷ അവസരങ്ങളിൽ പ്രദർശന മേളകൾ ഹാൻടെക്സും ഹാൻവീവും സംഘടിപ്പിക്കുന്നുണ്ട്. ഡൽഹിയിൽ നടക്കുന്ന ഐ.ഐ.റ്റി.എഫിൽ പങ്കെടുക്കാറുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**